**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4369** **18-03-2025 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ വിവിധ മരാമത്തുപ്രവൃത്തികളുമായി ബന്ധപ്പെട്ടുള്ള കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | പാറശാല മണ്ഡലത്തിലെ വിവിധ മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട് കെ.എസ്.ഇ.ബി യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടപടികളുടെ പുരോഗതി സെക്ഷനുകൾ തിരിച്ച് താഴെ വിവരിക്കുന്നു.<br><br>1. **ഇലക്ട്രിക്കൽ സെക്ഷൻ വെള്ളറട**<br><br>പാറശ്ശാല മണ്ഡലത്തിൽ ഉൾപ്പെട്ട വെള്ളറട ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള കലുങ്കുനട മുതൽ മരപ്പാലം വരെയുള്ള മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനായി 43,26,323/- രൂപയാണ്. 23.06.2022-ൽ ലഭിച്ചിട്ടുള്ളത്. അത് പ്രകാരം ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാകുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോഴാണ് പൂർത്തിയായത്. അതിൻ പ്രകാരം 03.03.2025 ന് കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രതിനിധിയും കെ.എസ്. ഇ.ബി-യും സംയുക്തമായി പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>2. **ഇലക്ട്രിക്കൽ സെക്ഷൻ മാരായമുട്ടം**<br><br>മാരായമുട്ടം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള പശുവണ്ണറ – അരുവിക്കര - കീഴാറൂർ റിങ് റോഡ് വികസനവുമായി ബന്ധപ്പെട്ട് യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനായി 2,49,040/- രൂപ 05.05.2023-ൽ തീയതിക്ക് ലഭിച്ചിട്ടുണ്ട്. അതുപ്രകാരം പ്രവർത്തിക്ക് അനുമതിപത്രം നൽകിയിട്ടുള്ളത് ആകുന്നു.<br><br>എന്നാൽ ടി പ്രവൃത്തിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകാത്തതു കാരണം പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | 3. **ഇലക്ട്രിക്കൽ സെക്ഷൻ കുന്നത്തുകാൽ, ഉദിയൻകുളങ്ങര**<br><br>കുന്നത്തുകാൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന കുന്നത്തുകാൽ മുതൽ കാരക്കോണം വരെയുള്ള റോഡിന്റെയും, ഉദിയൻകുളങ്ങര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന അമരവിള - മണിവിള റോഡിന്റെയും യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനായി ആവശ്യമുള്ള എസ്റ്റിമേറ്റ് തയാറാക്കി ഡിമാൻഡ് ലെറ്റർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി തുക അടച്ചിട്ടില്ല. തുക അടയ്ക്കുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും ഓരോ പ്രവൃത്തിയ്ക്കും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കാമോ; | (ബി) | **<u>തുക അടച്ച പ്രവൃത്തികൾ</u>**<br><br>1) വെള്ളറട ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന കലുങ്കുനട മുതൽ മരപ്പാലം റോഡ്– 43,26,323 രൂപ.<br><br>2) മാരായമുട്ടം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന അരുവിക്കര - കീഴാറ്റൂർ റോഡ് - 2,49,040/- രൂപ.<br><br>**<u>തുക അടയ്ക്കാനുള്ള പ്രവൃത്തികൾ</u>**<br><br>1) ഉദിയൻകുളങ്ങര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന അമരവിള–മണിവിള റോഡ് 1,73,67,217/- രൂപ.<br><br>2) കുന്നത്തുകാൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന കുന്നത്തുകാൽ കാരക്കോണം റോഡ്- 30,43,615 /- രൂപ.<br><br>യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനാവശ്യമായ തുക ഒടുക്കിയിട്ടുള്ള പ്രവൃത്തികൾ റോഡ് വികസന ജോലി പുരോഗമിക്കുന്ന തോടൊപ്പം തന്നെ റോഡ് അലയിൻമെന്റും കൃത്യമായി നിർണ്ണയിച്ച് തരുന്ന മുറയ്ക്ക് ചെയ്ത് തീർക്കുന്നതാണ്. യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിന് തുക അടയ്ക്കാത്ത വർക്കുകളുടെ തുക അടയ്ക്കുകയും, റോഡ് അലയിൻമെന്റും കൃത്യമായി നിർണ്ണയിച്ച നൽകുന്ന മുറയ്ക്ക് റോഡ് വികസന ജോലി പുരോഗമി ക്കുന്നതിനോടൊപ്പം തന്നെ ചെയ്ത് തീർക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം പരിഹരിച്ച് എത്രയും വേഗം യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | **<u>തുക അടച്ച പ്രവൃത്തികൾ</u>**<br><br>1) വെള്ളറട ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന കലുങ്കുനട മുതൽ മരപ്പാലം റോഡ്– 43,26,323 രൂപ. |

| | | | |
|---|---|---|---|
| | | | 2) മാരായമുട്ടം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന അരുവിക്കര - കീഴാറ്റൂർ റോഡ് - 2,49,040/- രൂപ.<br><br>**<u>തുക അടയ്ക്കാനുള്ള പ്രവൃത്തികൾ</u>**<br><br>1) ഉദിയൻകുളങ്ങര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന അമരവിള–മണിവിള റോഡ് 1,73,67,217/- രൂപ.<br><br>2) കുന്നത്തുകാൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന കുന്നത്തുകാൽ കാരക്കോണം റോഡ്- 30,43,615 /- രൂപ.<br><br>യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനാവശ്യമായ തുക ഒടുക്കിയിട്ടുള്ള പ്രവൃത്തികൾ റോഡ് വികസന ജോലി പുരോഗമിക്കുന്ന തോടൊപ്പം തന്നെ റോഡ് അലയിൻമെന്റും കൃത്യമായി നിർണ്ണയിച്ച് തരുന്ന മുറയ്ക്ക് ചെയ്ത് തീർക്കുന്നതാണ്. യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിന് തുക അടയ്ക്കാത്ത വർക്കുകളുടെ തുക അടയ്ക്കുകയും, റോഡ് അലയിൻമെന്റും കൃത്യമായി നിർണ്ണയിച്ചു നൽകുന്ന മുറയ്ക്ക് റോഡ് വികസന ജോലി പുരോഗമി ക്കുന്നതിനോടൊപ്പം തന്നെ ചെയ്ത് തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ